# M.J.S.S.A. വാർഷിക പരീക്ഷ - 2019

**Class II** **Marks - 45+5= 50**
**Time - 2.30 Hrs**

**I. പേര് പറയുക. (ഏതെങ്കിലും 5 എണ്ണം)** **5x1= 5**

1. യേശു പച്ചവെള്ളത്തെ വീഞ്ഞാക്കിയത് എവിടെ വച്ച് ?
2. ഇസ്രായേൽ ഗോത്രങ്ങളിൽ ഏറ്റവും ചെറിയ ഗോത്രം ഏത്?
3. 'സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു' എന്ന് പ്രസംഗിച്ചതാര് ?
4. 'ബാറെക്മോർ' എന്ന വാക്കിന്റെ അർത്ഥം എന്താണ് ?
5. 'ദൈവത്തിന്റെ പർവ്വതം' എന്ന് അറിയപ്പെടുന്ന മല ഏത് ?
6. ശൗൽ രാജാവിന് കിന്നരം വായിച്ചുകൊടുത്തതാര് ?
7. യേശുവിന്റെ മാമ്മോദീസ വി.സഭ ആചരിക്കുന്നത് എന്ന് ?

**II. പൂരിപ്പിക്കുക. (ഏതെങ്കിലും 5 എണ്ണം)** **5x1= 5**

8. 'മ്ശിഹാ' എന്നാൽ ............................... എന്നർത്ഥം.
9. കരുണയുള്ളവർ ഭാഗ്യവാന്മാർ അവർക്ക് ...................... ലഭിക്കും.
10. ആപത്തിൽ സഹായിക്കുന്നവരാണ് യഥാർത്ഥ .................................
11. യേശുവിന്റെ മുന്നോടിയായി .................................... അറിയപ്പെടുന്നു.
12. ഇസ്രായേലിന്റെ ഒന്നാമത്തെ രാജാവ് .................................... ആയിരുന്നു.
13. ബലിയേക്കാൾ ശ്രേഷ്ഠം ................. ആണ്.
14. വി.സഭയുടെ സ്ഥാപകൻ ....................................... ആകുന്നു.

**III. ആര് ആരോട് പറഞ്ഞു. (ഏതെങ്കിലും 2 എണ്ണം)** **2x2= 4**

15. "കോരിയെടുത്ത് പന്തിപ്രമാണിക്ക് കൊണ്ടുപോയി കൊടുപ്പിൻ".
16. "എനിക്കറിയില്ല - ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനോ ?".
17. "നീ സ്നേഹിക്കുന്ന നിന്റെ ഏകമകനെ എനിക്ക് ബലികഴിക്കുക ?"

**IV. ഉത്തരം പറയുക. (ഏതെങ്കിലും 7 എണ്ണം)** **7x2= 14**

18. എന്തുകൊണ്ടാണ് കിഴക്കോട്ട് അഭിമുഖമായി നിന്ന് പ്രാർത്ഥിക്കണമെന്ന് വി.സഭ നമ്മെ പഠിപ്പിക്കുന്നത് ?
19. നാം ദൈവാലയത്തിൽ പ്രവേശിക്കുമ്പോൾ ചെരിപ്പുകൾ പുറത്ത് ഊരിവയ്ക്കുന്നു. കാരണമെന്ത് ?
20. യേശുവിന്റെ മാമ്മോദീസ സമയത്ത് സ്വർഗ്ഗത്തിൽ നിന്നും ഉണ്ടായ ശബ്ദം എന്ത് ?
21. താഴെ കാണുന്ന ചിത്രം ശ്രദ്ധിക്കു. ഉത്തരം പറയു



1. അവർ നിൽക്കുന്ന നദിയേത് ?
2. പരിശുദ്ധാത്മാവ് ഏതിന്റെ രൂപത്തിലാണ് ഇറങ്ങി വന്നത് ?

22. കുരിശുവരയുടെ സാരാംശം എന്ത് ?
23. യാഗത്തിനൊരുങ്ങിയ അബ്രാഹാമിനോട് ദൈവം കല്പിച്ചതെന്ത് ?
24. എന്തുകൊണ്ടാണ് വിദ്വാന്മാർ മറ്റൊരു വഴിയിലൂടെ സ്വന്ത ദേശത്തേയ്ക്ക് മടങ്ങിയത് ?
25. കാനാവിലെ കല്ല്യാണത്തിന് യേശു വെള്ളം വീഞ്ഞാക്കിയ അത്ഭുതം കഥാരൂപത്തിൽ പറയുക ?
26. 'ദാവീദും, യോനാഥാനും' എന്ന പാഠം പഠിച്ചുവല്ലോ ? ഒരു നല്ല കൂട്ടുകാരനുണ്ടായിരിക്കേണ്ട 2 ഗുണങ്ങൾ പറയാമോ ?

*മറുപുറം*

**V.** ആരാധനാഗീതം ചൊല്ലുക. **1x4= 4**

27. പരിശുദ്ധന്മാരേ ........................... മായിച്ചീടാൻ

**VI.** പ്രാർത്ഥന ചൊല്ലുക. **1x4= 4**

28. മരിച്ചവരെ ജീവിപ്പിക്കുന്നവനേ ! .............. ബാറക്മോർ

**VII.** പ്രസംഗം പറയുക **1x5= 5**


29. ആപത്തിൽ സഹായിക്കുന്നവനാണ് നല്ല സ്നേഹിതൻ - കേരളത്തിൽ വലിയ മഴയും ഉരുൾപൊട്ടലും ഉണ്ടായി ഏറെ പേർ കഷ്ടപ്പെട്ടു. നമുക്ക് ഇവരെ എങ്ങനെ സഹായിക്കാം എന്നത് ശമര്യാക്കാരന്റെ ഉപമയെ ആസ്പദമാക്കി വിവരിക്കുക.

അല്ലെങ്കിൽ

'അതിരുകളില്ലാത്ത സ്നേഹം' എന്ന പാഠം പഠിച്ചത് ഓർമ്മയില്ലേ ? കാൽവരിയിലെ സ്നേഹത്തെകുറിച്ചും നിങ്ങൾ പഠിച്ചു. നമുക്ക് എങ്ങനെയെല്ലാം സ്നേഹത്തിൽ വളരാം എന്ന് പ്രസംഗരൂപത്തിൽ പറയുക.

**VIII.** നിറം കൊടുക്കാം. **1x4= 4**

30. ശമുവേൽ ശൗലിനെ രാജാവായി അഭിഷേകം ചെയ്യുന്ന ചിത്രം



**IX.**31. പാഠപുസ്തക പ്രവർത്തനങ്ങൾ, ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ **5 മാർക്ക്**